ഇതിനുപുറമേ പുത്തൂർ 33 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 5 എം.വി.എ.-യിൽ നിന്നും 10 എം.വി.എ. ആയി ഉയർത്തുകയുണ്ടായി.

(ബി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് അനുബന്ധമായി കൊടുത്തിരിക്കുന്നു*. പുത്തൂർ 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തികൾക്കായി 2015-16 സാമ്പത്തിക വർഷം 40 ലക്ഷം രൂപ വകയിരുത്തുകയും 36.2174 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

(സി) ഇനി പൂർത്തിയാക്കാനുള്ളതും ഇപ്പോൾ നടന്നുവരുന്നതുമായ ജോലികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

പ്രവൃത്തികൾ	അളവ്	തുക ലക്ഷം (രൂപയിൽ)
11 കെ.വി. ലൈൻ	3.75 കി.മീ.	18.52
ട്രാൻസ്ഫോർമറുകൾ	3 എണ്ണം	6.9
കൺവേർഷൻ	4.1 കി.മീ.	5.43

വൈദ്യുതി ഉല്പാദനം

32(2070) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി എത്ര വൈദ്യുതിയാണ് ആവശ്യമായിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം എത്ര; ഉല്പാദനവും ഉപഭോഗവും തമ്മിൽ നിലവിലുള്ള അന്തരം എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 10-2-2016-ലെ കണക്കനുസരിച്ച് പ്രതിദിന ശരാശരി ഉപഭോഗം 62.933 ദശലക്ഷം യൂണിറ്റ്.

(ബി) 10-2-2016 കണക്കനുസരിച്ച് പ്രതിദിന ശരാശരി ആഭ്യന്തര ഉല്പാദനം 15.840 ദശലക്ഷം യൂണിറ്റാണ്. ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം - 47.093 ദശലക്ഷം യൂണിറ്റാണ്. അതിൽ കേന്ദ്ര വിഹിതം - 34.736 ദശലക്ഷം യൂണിറ്റാണ്. ഹ്രസ്വ/മദ്ധ്യ/ദീർഘകാല കരാറുകൾ മുഖേന ട്രേഡർമാർ വഴിയും പവർ എക്സ്ചേഞ്ച് വഴിയും വൈദ്യുതി ലഭ്യമാക്കിയുമാണ് ഉപഭോഗവും ലഭ്യതയും തമ്മിലുള്ള അന്തരം നിറവേറ്റുന്നത്.

(സി) നിർമ്മാണം ആരംഭിച്ച 6 പദ്ധതികൾ കൂടാതെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നീ ഉത്പാദന മേഖലകളിൽ സംസ്ഥാനത്ത് ലഭ്യമായ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവയുടെ വിശദാംശം അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട് *. സ്വകാര്യ മേഖലയിൽ 23 ചെറുകിട ജലസേചന പദ്ധതികൾ IPP/CPP വിഭാഗത്തിൽ BOOT അടിസ്ഥാനത്തിൽ 30 കൊല്ലത്തേക്ക് അനുവദിച്ചിട്ടുണ്ട്. ഇവയുടെ വിശദ വിവരങ്ങൾ അനുബന്ധം* 2-ൽ കൊടുത്തിരിക്കുന്നു.

നിലവിലുള്ള വൈദ്യുതിയുടെ ലഭ്യതയുടെയും ആവശ്യകതയുടെയും കണക്കുകൾ (ലോഡ് ജനറേഷൻ ബാലൻസ് LGB) പരിശോധിച്ച് വരും വർഷങ്ങളിലേക്ക് വൈദ്യുതിയുടെ ക്ഷാമം പരിഹരിക്കുന്നതിലേക്കായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമേ വൈദ്യുതി വ്യാപാരികളിൽ നിന്നും ജനറേറ്റിംഗ് കമ്പനികളിൽ നിന്നും ദീർഘ/മദ്ധ്യ/ഹ്രസ്വകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടുവരുന്നു. അതിൻപ്രകാരം 1415 മെഗാവാട്ട് (25 വർഷത്തേക്ക്) ദീർഘകാലാടിസ്ഥാനത്തിലും, 400 മെഗാവാട്ട് (മാർച്ച് 2014 മുതൽ ഫെബ്രുവരി 2017 വരെ) മദ്ധ്യകാലാടിസ്ഥാനത്തിലും 300 മെഗാവാട്ട് (ജൂൺ 2015 മുതൽ മേയ് 2016 വരെ) ഹ്രസ്വകാലാടിസ്ഥാനത്തിലും കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.